കേരളസർക്കാർ

നമ്പർ.75/ ആർ.ഡി3/ 2019/ തസ്വഭവ
തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്
തിരുവനന്തപുരം, തീയതി 29- 3- 2019

# പരിപത്രം

വിഷയം: തദ്ദേശ സ്വയം ഭരണ വകുപ്പ് - ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് - ചട്ടങ്ങളിലും നിയമങ്ങളിലും വരുത്തിയ ഭേദഗതി നടപ്പിലാക്കുന്നത് സംബന്ധിച്ച്

വ്യവസായ സംരഭങ്ങളുടെ സുഗമമായ നടത്തിപ്പിനായി 7 നിയമങ്ങളിലും 10 ചട്ടങ്ങളിലും ഭേദഗതി വരുത്തിക്കൊണ്ട് കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്റ്റ്, 2018 എന്ന പേരിൽ പുതിയ നിയമം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. അതനുസരിച്ച് സംസ്ഥാനത്ത് വ്യവസായം തുടങ്ങുന്നതിന് അനുമതി നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കാൻ വേണ്ടി കേരള പഞ്ചായത്ത് രാജ് ആക്റ്റിലും, കേരള മുനിസിപ്പാലിറ്റി ആക്റ്റിലും, കേരള പഞ്ചായത്ത് ആന്റ് മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലും ചുവടെ കൊടുത്തിരിക്കുന്ന പ്രധാന ഭേദഗതികളാണ് പുറപ്പെടുവിച്ചിട്ടുള്ളത്.

**കേരള പഞ്ചായത്ത് രാജ് ആക്റ്റ്** - സെക്ഷൻ 233(4) (ബി) - വ്യവസായ വാണിജ്യ സ്ഥാപനങ്ങൾ ആരംഭിക്കുമ്പോൾ ആശുപത്രി, ക്ലിനിക്ക്, ക്ലിനിക്കൽ ലബോറട്ടറി, പാരാമെഡിക്കൽ സ്ഥാപനം മറ്റ് ഏതെങ്കിലും ആരോഗ്യ പരിപാലന സ്ഥാപനം എന്നിവയ്ക്ക് ഒഴികെ മറ്റ് വ്യവസായ വാണിജ്യ സ്ഥാപനങ്ങൾക്ക് ജില്ലാ മെഡിക്കൽ ഓഫീസറുടെ സമ്മതപത്രം ആവശ്യമില്ല.

**കേരള മുനിസിപ്പാലിറ്റി ആക്റ്റ്** - സെക്ഷൻ 448 (4) (ബി) - വ്യവസായ വാണിജ്യ സ്ഥാപനങ്ങൾ ആരംഭിക്കുമ്പോൾ ആശുപത്രി, ക്ലിനിക്ക്, ക്ലിനിക്കൽ ലബോറട്ടറി, പാരാമെഡിക്കൽ സ്ഥാപനം മറ്റ് ഏതെങ്കിലും ആരോഗ്യ പരിപാലന സ്ഥാപനങ്ങൾ എന്നിവയ്ക്ക് ഒഴികെ മറ്റ് വ്യവസായ വാണിജ്യ സ്ഥാപനങ്ങൾക്ക് ജില്ലാ മെഡിക്കൽ ഓഫീസറുടെ സമ്മതപത്രം ആവശ്യമില്ല.

**കേരള മുനിസിപ്പാലിറ്റി ആക്റ്റ്** - സെക്ഷൻ 447 (4) & (5 എ) - ലൈസൻസിന് അഞ്ച് വർഷ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്. ലൈസൻസ് കാലാവധി അവസാനിക്കുന്നതിന് 30 ദിവസം മുമ്പായി നിർണ്ണയിക്കപ്പെട്ട ഫീസ് ഒടുക്കിയാൽ ലൈസൻസ് വീണ്ടും അഞ്ച് വർഷക്കാലയളവിലേയ്ക്ക് പുതുക്കി ലഭിക്കും.

**1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികളും വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റ് സേവനങ്ങളും ലൈസൻസ് നൽകൽ) ചട്ടങ്ങൾ** - ചട്ടം 8 അനുസരിച്ച് ഫാക്ടറികൾക്കും വ്യാപാരസ്ഥാപനങ്ങൾക്കും അഞ്ച് വർഷക്കാലത്തേയ്ക്ക് ലൈസൻസ് അനുവദിക്കാവുന്നതാണ്

**കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ** - ചട്ടം 55, 56, 58, 60 എന്നിവ അനുസരിച്ച് 300 നും 1000 നും ഇടയ്ക്ക് ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ളതും 15 മീറ്ററിൽ അധികരിക്കാത്ത ഉയരമുള്ളതുമായ കെട്ടിടങ്ങൾക്ക് അഗ്നി സുരക്ഷ ക്ലിയറൻസ് ലഭിക്കുന്നതിന് അപേക്ഷകൻ സ്വയം സാക്ഷ്യപ്പെടുത്തുന്നതിനോടൊപ്പം പ്ലാൻ തയ്യാറാക്കിയ ആർക്കിടെക്ട്/എഞ്ചിനീയറിൽ നിന്നുമുള്ള സർട്ടിഫിക്കറ്റ് കൂടി സമർപ്പിച്ചാൽ മതിയാകും.

**കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ** - ചട്ടം 53, 54, 56, 57 എന്നിവ അനുസരിച്ച് 300 നും 1000 നും ഇടയ്ക്ക് ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ളതും 15 മീറ്ററിൽ അധികരിക്കാത്ത ഉയരമുള്ളതുമായ കെട്ടിടങ്ങൾക്ക് അഗ്നിസുരക്ഷ ക്ലിയറൻസ് ലഭിക്കുന്നതിന് അപേക്ഷകൻ സ്വയം സാക്ഷ്യപ്പെടുത്തുന്നതിനോടൊപ്പം പ്ലാൻ തയ്യാറാക്കിയ ആർക്കിടെക്ട്/ എഞ്ചിനീയറിൽ നിന്നുമുള്ള സർട്ടിഫിക്കറ്റ് കൂടി സമർപ്പിച്ചാൽ മതിയാകും.

നിക്ഷേപങ്ങൾ ആകർഷിക്കാനും വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കാനും വ്യവസായ സംരംഭങ്ങളുടെ സുഗമമായ നടത്തിപ്പിന് ഉദ്ദേശിച്ചുമാണ് സർക്കാർ മേൽപ്പറഞ്ഞ ചട്ടങ്ങളിൽ/നിയമങ്ങളിൽ ഭേദഗതി വരുത്തിയത്. എന്നാൽ മേൽപ്പറഞ്ഞ ഭേദഗതികൾ നടപ്പിലാക്കാൻ ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തടസ്സവാദങ്ങൾ ഉന്നയിക്കുകയാണെന്ന് പരാതികൾ ലഭിക്കുന്നുണ്ട്. ആയതിനാൽ കേരള പഞ്ചായത്ത് രാജ് ആക്ടിലും കേരള മുനിസിപ്പാലിറ്റി ആക്ടിലും കേരള പഞ്ചായത്ത്/ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലും വരുത്തിയ ഭേദഗതികൾ കർശനമായി നടപ്പിലാക്കാൻ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഇതിനാൽ നിർദ്ദേശം നൽകുന്നു.

ഗ്രാമപഞ്ചായത്തുകളിൽ ഫാക്ടറികൾക്കും വ്യവസായങ്ങൾക്കും വ്യാപാരസ്ഥാപനങ്ങൾക്കും അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് 1994 -ലെ പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232- ൽ ടി സ്ഥാപനങ്ങളെ "ആപത്ക്കരവും അസഹ്യവുമായ വ്യാപാരങ്ങളും ഫാക്ടറികളും" എന്നാണ് വിശേഷിപ്പിച്ചിരുന്നത്. എന്നാൽ 2018 ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ട് അനുസരിച്ച് പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 232- ലും മുനിസിപ്പാലിറ്റി ആക്ട്, വകുപ്പ് 447- ലും വരുത്തിയ ഭേദഗതികൾ അനുസരിച്ച് 'ആപത്ക്കരവും അസഹ്യവുമായ വ്യാപാരങ്ങളും ഫാക്ടറികളും' എന്ന വാക്കുകൾക്ക് പകരം 'വ്യവസായങ്ങളും ഫാക്ടറികളും വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റ് സേവനങ്ങളും' എന്ന് ഭേദഗതി വരുത്തിയിട്ടുണ്ട്. അതനുസരിച്ച് 1996- ലെ കേരള പഞ്ചായത്ത് രാജ് (ആപത്ക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളുടെ പേര് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്ന് മാറ്റി 31/10/2017 തീയതിയിലെ സ.ഉ(പി) നം. 80/2017 ത.സ്വ.ഭ.വ പ്രകാരം ഉത്തരവായിട്ടുണ്ട്. എന്നാൽ ഇപ്രകാരം ചട്ടത്തിന്റെ പേര് മാറ്റിയിട്ടും പഞ്ചായത്ത് ഡയറക്ടറേറ്റിൽ നിന്നും നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും

വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസുമായി ബന്ധപ്പെട്ട് ടി ചട്ടത്തിന് "ആപത്ക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കുമുള്ള ലൈസൻസ് നൽകൽ" എന്ന വിശേഷണം വീണ്ടും വീണ്ടും ഉപയോഗിച്ച് വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ടി ചട്ടത്തിന്റെ പേര് ഭേദഗതി വരുത്തിയതു പ്രകാരം ശരിയായ രീതിയിൽ അതായത് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നുതന്നെ ഉപയോഗിക്കണമെന്ന് പഞ്ചായത്ത്/നഗരകാര്യ ഡയറക്ടർമാർക്കും എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും കർശനമായ നിർദ്ദേശം നൽകുന്നു.

ഉത്തരവിൻ പ്രകാരം

മുഹമ്മദ് റിയാസ്
ഡെപ്യൂട്ടി സെക്രട്ടറി

സെക്ഷൻ ഓഫീസർ

To

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും (വകുപ്പുതലവന്മാർ മുഖേന)
ഡയറക്ടർ, ഇൻഡസ്ട്രീസ് ആന്റ് കൊമേഴ്സ്, വികാസ് ഭവൻ, തിരുവനന്തപുരം
മാനേജിങ് ഡയറക്ടർ, KSIDC, തിരുവനന്തപുരം
ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.